# ഉയിർപ്പുകാലം
## വചന വിചിന്തനം
## ഉയിർപ്പുകാലം : ആറാം ഞായർ
### യോഹ 17,20–26

> *ക്രിസ്തുവിനോടുള്ള വിശ്വാസം തെളിയിക്കാൻ അൽഭുതങ്ങൾ പ്രവർത്തിക്കണമെന്നില്ല. മറിച്ച്, ഐക്യത്തിൽ ജീവിച്ചാൽ മതി!*

പ്രേഷിതദൗത്യം നിറവേറ്റപ്പെടേണ്ടത് പ്രസംഗങ്ങളിലൂടെ മാത്രമല്ല. മറിച്ച്, ഐക്യത്തിന് സാക്ഷ്യം നൽകുന്ന ജീവിതശൈലി കളിലൂടെയുമാണ്!

ലോകത്തെവിടെയായാലും സംഭവിക്കുന്ന വലിയ അൽഭുതം; തങ്ങൾ മരിക്കുമെന്ന് കാരണവൻമാർക്കുറപ്പായാൽ തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ഭാര്യയെയും മക്കളെയും മരുമക്കളെയും പേരക്കുട്ടികളെയും വിളിച്ചുകൂട്ടി അവർക്കാവശ്യമുള്ള അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അനുഗ്രഹങ്ങളും പങ്കുവയ്ക്കും എന്നതാണ്. ഇത് ചരിത്രാതീതകാലം മുതൽ നിലനിൽക്കുന്ന പ്രപഞ്ചസത്യമാണ്. ഉൽപത്തി പുസ്തകത്തിൽ ഇസ്രായേൽ തന്റെ മരണസമയമടുക്കുമ്പോൾ മകൻ ജോസഫിനെ വിളിച്ച് തന്റെ അന്ത്യവചനങ്ങൾ പറയുന്നത് ഇപ്രകാരമാണ്; "എന്നെ ഈജിപ്തിൽ സംസ്കരിക്കരുത്. എനിക്ക് എൻെറ പിതാക്കൻമാരോടൊപ്പം വിശ്രമിക്കുന്നതിന് എന്നെ ഈജിപ്തിൽനിന്നു കൊണ്ടുപോയി അവരുടെ ശ്മശാനത്തിൽ അടക്കുക. ജോസഫ് സമ്മതിച്ചു: അപ്പോൾ ഇസ്രായേൽ കട്ടിൽത്തലയ്ക്കൽ ശിരസ്സു നമിച്ചു" (ഉൽപ 47,29–31).

നിയമാവർത്തനപുസ്തകത്തിൽ മോശയുടെ പിൻഗാമിയായി ജോഷ്വയെ നിയമിക്കുമ്പോൾ മോശ ഇസ്രായേൽ ജനത്തോടു സംസാരിക്കുന്നത് ഇപ്രകാരമാണ്; "എനിക്കിപ്പോൾ നൂറ്റിയിരുപതു വയസ്സായി. നിങ്ങളെ നയിക്കാൻ എനിക്കു ശക്തിയില്ലാതായി. നീ ഈ ജോർദാൻ കടക്കുകയില്ല എന്നു കർത്താവ് എന്നോട് പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ദൈവമായ കർത്താവുതന്നെ നിങ്ങൾക്കു മുൻപേ പോകും. അവിടുന്നു നിങ്ങളുടെ മുൻപിൽ നിന്ന് ഈ ജനതകളെ നശിപ്പിക്കും; നിങ്ങൾ അവരുടെ ദേശം കൈവശമാക്കുകയും ചെയ്യും. കർത്താവ് അരുളിച്ചെയ്തിട്ടുള്ളതു പോലെ ജോഷ്വ നിങ്ങളെ നയിക്കും.... ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള കൽപനകളനുസരിച്ചു നിങ്ങൾ അവരോടു പ്രവർത്തിക്കണം. ശക്തരും ധീരരുമായിരിക്കുവിൻ, ഭയപ്പെടേണ്ടാ; അവരെപ്രതി പരിഭ്രമിക്കുകയും വേണ്ടാ..." (നിയ 31,1–8).

ഇത്തരുണത്തിൽ താൻ ഏറ്റവും അധികം സ്നേഹിച്ചിരുന്ന ശിഷ്യൻമാരുടെ അടുത്ത് തന്റെ സഹന-മരണ-ഉത്ഥാനത്തിന് മുമ്പ് ക്രിസ്തു പങ്കുവയ്ക്കുന്ന ഉപദേശങ്ങളാണ് യോഹന്നാൻശ്ലീഹ തന്റെ സുവിശേഷത്തിൽ 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ കുറിച്ച് വച്ചിരിക്കുന്നത്. ഈ ഉപദേശങ്ങളും അനുഗ്രഹങ്ങളും ഉത്തരവാദിത്വങ്ങളും പങ്കുവച്ച് അതിന് സമാപനം കുറിക്കുന്നത് മനുഷ്യകുലത്തിന് മുഴുവൻ അനുകരണീയമായ പ്രാർത്ഥനയിലൂടെയാണ്. അത് ആരംഭിക്കുന്നതും അവസാനിക്കുന്നതും പതിനേഴാം അദ്ധ്യായത്തിലാണ്. ഈ വിടവാങ്ങൽ പ്രാർത്ഥനയ്ക്ക് മൂന്ന് ഭാഗങ്ങളുണ്ട്;

1. ഒന്നാം ഭാഗത്ത് ക്രിസ്തു തനിക്ക് തന്നെ വേണ്ടി പ്രാർത്ഥിക്കുന്നു (യോഹ 17,1-5).

2. പ്രാർത്ഥനയുടെ രണ്ടാം ഭാഗത്ത് ഈശോ പ്രാർത്ഥിക്കുന്നത് തന്റെ സ്വന്തം ശിഷ്യൻമാർക്കുവേണ്ടിയാണ് (യോഹ 17,6-19).

3. മൂന്നാം ഭാഗത്ത് ഈശോ പ്രാർത്ഥിക്കുന്നത് തന്നിൽ വിശ്വസിക്കാൻ പോകുന്ന ഭാവി ശിഷ്യൻമാർക്ക് വേണ്ടിയാണ് (17,20-26).

ചുരുക്കത്തിൽ, രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പേ ക്രിസ്തു തന്റെ പിതാവായ ദൈവത്തോട് നമുക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ക്രിസ്തു നമ്മുക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു എന്നു പറയുമ്പോൾ, നമ്മൾ കോടിശ്വരൻമാരോ സാമ്പത്തീകഭദ്രതയോ ഉള്ളവരാകാൻ വേണ്ടിയല്ല പ്രാർത്ഥിച്ചത്. മറിച്ച്, ക്രിസ്തു രണ്ടായിരം വർഷങ്ങൾക്കുമുമ്പ് നമുക്ക് വേണ്ടി പ്രാർത്ഥിച്ചത്, "ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഐക്യത്തിൽ ഒന്നായിരിക്കുന്നതിനുവേണ്ടിയാണ്" പ്രാർത്ഥിച്ചത്. ക്രിസ്തുവിൽ വിശ്വസിച്ചിരുന്ന ആദ്യമസഭാസമൂഹത്തെ കുറിച്ച് അപ്പസ്തോല പ്രവർത്തകൻ കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്;

"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (അപ്പ 4,32).

"വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു" (അപ്പ 2,44).

ഐക്യത്തിന്റെ അടയാളം സ്നേഹമാണ്... ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ...

ലോകം മുഴുവൻ ക്രിസ്തുവിനെ മനസ്സിലാക്കി ദൈവവിശ്വാസത്തിലേയ്ക്ക് കടന്ന് വരേണ്ട വിധത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടവരാണ് ക്രിസ്തുശിഷ്യർ. അപ്പസ്തോലൻമാർ തങ്ങളെ ക്രിസ്തു ഏൽപ്പിച്ച ഈ ദൗത്യം ഭംഗിയായ് ചെയ്തുതീർത്തു. ആദ്യമസഭാസമൂഹവും ഇതിനോട് വിശ്വസ്തത പുലർത്തി ജീവിച്ചു. ഇന്ന് ഈ ദൗത്യം ക്രിസ്തു ഭരമേൽപ്പിച്ചിരിക്കുന്നത് ഈ യുഗത്തിന്റെ സന്താനങ്ങളായ നമ്മളുടെ കരങ്ങളിലാണ്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഈശോ തന്റെ ശിഷ്യൻമാരെ ഭരമേൽപ്പിക്കുന്ന ദൗത്യം;

"ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ 1,8).

ദൈവം തിരഞ്ഞെടുത്ത ഇസ്രായേലിൽനിന്ന് രക്ഷയുടെ തുടക്കം ആരംഭിച്ച് ലോകാതിർത്തികൾ വരെ എത്തിക്കുന്നതിനാണ് ക്രിസ്തു തന്റെ ശിഷ്യൻമാരെ തിരഞ്ഞെടുത്തത്. ഇപ്രകാരം ലോകാതിർത്തികൾ വരെ രക്ഷ എത്തുന്നതിന് ക്രിസ്തുശിഷ്യർ ചെയ്യേണ്ടത് തുലോം തുച്ഛമായ കാര്യമാണ്; "ഐക്യത്തിൽ ഒന്നായി തീരുക." ക്രിസ്തുവിന്റെ പ്രാർത്ഥന ഐക്യത്തിന് വേണ്ടിയുള്ള പ്രാർത്ഥനയാണ്. കാരണം, ഐക്യം സാക്ഷ്യത്തിന്റെ അടയാളമാണ്. ക്രിസ്തു പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്; "പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ എന്റെ ശിഷ്യരും നമ്മിൽ ആയിരിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. കാരണം, ഇത് കാണുന്ന ലോകം അവിടുന്ന് എന്നെ അയച്ചുവെന്നു അറിയും.

ചുരുക്കത്തിൽ, ക്രിസ്തു ലോകാവസാനത്തോളം തന്നിൽ വിശ്വ

ഭാവിശിഷ്യൻമാർക്കു വേണ്ടി ക്രിസ്തു പ്രാർത്ഥിക്കുന്നത് അവരുടെ ഐക്യത്തിന് വേണ്ടിയാണ്. കാരണം, ഐക്യമുണ്ടെങ്കിൽ എല്ലാമുണ്ട്... ഐക്യമില്ലെങ്കിൽ ഒന്നുമില്ലാ...

സിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ പിതാവായ ദൈവത്തിന് മുമ്പിൽ നിരത്തുന്നത് ഒറ്റ ആവശ്യം മാത്രമാണ്; "ദൈവമേ, ഈ മക്കളെയെല്ലാം ഐക്യത്തിൽ കാക്കണമേ..." ക്രിസ്തുവിന് രണ്ടായിരം വർഷങ്ങൾക്കുമുമ്പേ അറിയാമായിരുന്നു, "പിതാവായ ദൈവത്തിന് സാക്ഷ്യം വഹിക്കാൻ അൽഭുതങ്ങൾ സമ്മാനിക്കണമെന്നില്ല; മറിച്ച്, ഐക്യത്തിൽ ജീവിച്ചാൽ മതിയെന്ന്." എങ്കിൽ, ആത്മപരിശോധന ചെയ്യേണ്ടത്, സഭയിലും ഗാർഹികസഭയായ കുടുംബത്തിലും എന്തുമാത്രം ഐക്യം... കൂട്ടായ്മ ഉണ്ട്? "ഐക്യമത്യം മഹാബലം" എന്നുള്ളത് സഭയിലും സമൂഹത്തിലും കുടുംബത്തിലും എന്തുമാത്രം തിരിച്ചറിയപ്പെടുന്നുണ്ട്? ഈ ദിവസങ്ങളിൽ കുടുംബത്തെ കുറിച്ച് കേട്ട ചില യാഥാർത്ഥങ്ങൾ ഈ സമയം അനുസ്മരിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു.

ഭർത്താവും ഭാര്യയും മക്കളുമടങ്ങുന്ന സന്തുഷ്ടകുടുംബം. പക്ഷെ, എന്തൊക്കെയോ കാര്യത്തിന് വഴക്കും വക്കാണവുമായി. രണ്ട് ദിവസം കഴിഞ്ഞ് ഉറങ്ങാൻ നേരത്ത് ഭർത്താവ് ഭാര്യയോട് പറയുകയാണ്:

"ഇന്നലെ രാത്രി ഉറക്കത്തിൽ നീ എന്നെ തെറിവിളിക്കുന്നുണ്ടായിരുന്നു."

ഇതു കേട്ട ഭാര്യ തിരിച്ച് പറയുകയാണ്:

"അത് നിങ്ങളുടെ തോന്നലാണ്."

ഭർത്താവ് : "എന്ത് തോന്നൽ?"

ഭാര്യ : "ഞാൻ ഉറക്കത്തിലായിരുന്നു എന്നത്."

ചെറിയ ചെറിയ പ്രശ്നങ്ങളെ അണുബോമ്പുകളും ആറ്റംബോമ്പുകളുമാക്കി ഇന്ന് കുടുംബത്തിന്റെയും സമൂഹജീവിതത്തിന്റെയും ഐക്യം തച്ചുടയ്ക്കാൻ പ്രലോഭകൻ തൊട്ടു മുമ്പിൽ നിലയുറപ്പിച്ചിട്ടുണ്ടെന്ന് തിരിച്ചറിയാൻ സാധിക്കണം.

വിവാഹത്തിന്റെ സുവർണജൂബിലി മക്കളും മരുമക്കളും പേരകുട്ടികളുമായി അഘോഷിക്കുമ്പോൾ ഭർത്താവിന്റെ അടുത്ത് സുഹൃത്ത് പറയുകയാണ്;

"എടാ, നിയറിഞ്ഞോ? നിങ്ങളുടെ കല്യാണം നടത്തിയ ബ്രോക്കർ ലോറി ഇടിച്ചു മരിച്ചു. കഷ്ടമായിപ്പോയി!"

ഇത് കേൾക്കുന്ന ഭർത്താവ് സുഹൃത്തിന്റെയടുത്ത്;

"എന്ത് കഷ്ടം? അവനവൻ ചെയ്യുന്ന പാപത്തിന്റെ ഫലം അവനവൻ തന്നെ അനുഭവിക്കും."

വിവാഹത്തിന്റെ സുവർണജൂബിലിയുടെ അമ്പത് വർഷങ്ങൾ പിന്നിടുമ്പോഴും സ്നേഹവും സന്തോഷവും ഒരുമയും കണ്ടെത്തുവാൻ കഷ്ടപ്പെടുന്നവർ. ക്രിസ്തു തന്റെ മഹത്വം (അനുഗ്രഹം) നമുക്ക് തന്നിരിക്കുന്നത് പിതാവും പുത്രനും ഒന്നായിരിക്കുന്നതുപ്പോലെ ക്രിസ്തുശിഷ്യരെല്ലാം ഒന്നായിരിക്കുന്നതിനുവേണ്ടിയാണ്; "നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു. (യോഹ 17,22).

"വിശ്വാസികളുടെ സമൂഹം
ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു"

അപ്പ 4,32

ഫാ. ജോബി മേനോത്ത്
+91 944 7777 931